## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നം. 133 — 16.03.2015 ൽ മറുപടിയ്ക്ക്

### പഞ്ചായത്തുകളിൽ വൈ-ഫൈ നെറ്റ് വർക്ക് സൗകര്യവും ഇൻഫർമേഷൻ കിയോസ്കുകളും

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) എല്ലാ പഞ്ചായത്തുകളിലും വൈ-ഫൈ നെറ്റ് വർക്ക് സൗകര്യവും ഇൻഫർമേഷൻ കിയോസ്കുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) എല്ലാ പഞ്ചായത്തുകളിലും വൈ-ഫൈ നെറ്റ് വർക്ക് സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിലവിൽ പദ്ധതികൾ ഒന്നും തന്നെ ഇല്ല. എന്നാൽ ഇൻഫർമേഷൻ കിയോസ്കുകൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഇതുവഴി എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; | ബി) ഫ്രണ്ട് ഓഫീസ് / ബാക്ക് ഓഫീസ് എന്നീ നടപടി ക്രമങ്ങൾ സമന്വയിപ്പിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുന്ന കിയോസ്കുകൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളായ ജനന, മരണ, വിവാഹ രജിസ്ട്രേഷൻ, പെൻഷൻ വിതരണം, വിവിധ നികുതികൾ, ലൈസൻസുകൾ സംബന്ധിച്ച വിവരങ്ങൾ, ഫയലിന്റെ നിജസ്ഥിതി, |

ഫയലുകളുടെ നീക്കം തുടങ്ങി പൊതു ജനങ്ങൾക്ക് അവശ്യം ലഭിക്കേണ്ട ധിക്ക സേവനങ്ങളും ലഭ്യമാകുന്നതിന് സാധിക്കുന്നു. കൂടാതെ പൊതുജന ങ്ങൾക്ക് നൽകേണ്ട നിർദ്ദേശങ്ങളും അറിയിക്കേണ്ട വിവരങ്ങളും Scrolling News ആയി കൊടുക്കാൻ കഴിയും. ജനങ്ങൾക്കാവശ്യമായ മറ്റ് വകുപ്പു കളിൽ നിന്നുള്ള വിവരങ്ങളും, ഇൻറർനെറ്റ് വഴിയുള്ള വിവരങ്ങളും മറ്റ് സേവനങ്ങളും ഈ കിയോസ്ക് വഴി നൽകാൻ കഴിയും.

| | |
|---|---|
| സി) 2015-16 സാമ്പത്തിക വർഷം ഈ ലക്ഷ്യം മുൻ നിർത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | സി) ഇല്ല. |

സെക്ഷൻ ഓഫീസർ